സംസ്ഥാനത്തെ കൃഷിഭവനുകൾ

*18 [334] ശ്രീ. മത്തായി ചാക്കോ:
" സാജു പോൾ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ആധുനിക കൃഷിരീതിയെക്കുറിച്ചും കാർഷിക മേഖലയിലുണ്ടാകുന്ന വിവിധതരം രോഗങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് കൃഷിഭവൻ മുഖേന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത്;

(ഡി) കൃഷിഭവനുകളുടെ സേവനം കർഷകർക്ക് ഫലപ്രദമായി ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) വിവിധ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത കാർഷിക വികസന പദ്ധതികൾ കൃഷിഭവനുകൾ വഴി നടപ്പിലാക്കിവരുന്നു. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, മേളകൾ എന്നിവ സംഘടിപ്പിക്കുക, വിവിധ വിളകൾക്ക് അനുവർത്തിക്കേണ്ട കീട നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ മാതൃകാ പ്രദർശനത്തോട്ടം നടപ്പിലാക്കുക; കൃഷിയിലുണ്ടാകാൻ സാദ്ധ്യതയുള്ള കീടരോഗങ്ങളെക്കുറിച്ച് മുൻകൂർ അറിയുവാനും അവ കൃഷിക്കാരെ അറിയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) 1048.

(ഡി ആന്റ് ഇ) ഒറ്റപ്പെട്ട ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ കൃഷിഭവനുകൾ വഴി കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി അഗ്രോക്ലിനിക്കുകൾ വാർഡുതലത്തിൽ പ്രവർത്തിച്ചുവരുന്നു.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (എ)—(തുടർച്ച)

M. Raveendran	..	STO
K. S. Danesan	..	STO
V. J. Mathew	..	STO
V. J. Mathew	..	STO
M. G. Shani	..	STO
E. K. Eliyas	..	STO
V. R. Raman Namboodiri	..	IAC
Jagadamma	..	AC
K. Thulassi Bai	..	AC
A. Mooney	..	Addl. AAC
K. C. Dominic	..	IAC (I)
T. P. Santhamma	..	AITO
R. K. Sasidharan	..	AC
P. Padmakumar	..	IAC (I)
K. R. Ramachandran Pilla	..	AC
M. V. Sivadasan	..	STO
P. Kesavan	..	AC
C. D. Reghu	..	AC
M. V. Rajan	..	STO
K. P. Rajan	..	AC

അനുബന്ധം IV

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *18 (334) കാണുക.]

1. വിവിധ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. വിവിധ ത്രിതല പഞ്ചായത്ത് കാർഷിക പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു.

3. വിവിധ വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

4. വിവിധ കാർഷിക ഉൽപാദനോപാധികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. ഉൽപ്പാദന ഉപാധികൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

5. വിവിധ കൃഷിയിൽ അനുവർത്തിക്കേണ്ട കൃഷി പരിപാലനത്തെക്കുറിച്ചു യഥാസമയം അവബോധം സൃഷ്ടിക്കുന്നു.

6. പ്രകൃതിക്ഷോഭം മൂലം കൃഷിയിലുണ്ടാകുന്ന നാശനഷ്ടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുന്നു.

7. ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

8. കാർഷിക വികസന സമിതി യഥാസമയങ്ങളിൽ വിളിച്ചുകൂട്ടി കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ച നടത്തി വരുന്നു.

9. മണ്ണു പരിശോധന അടിസ്ഥാനത്തിൽ വളം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

10. പുതിയ 'കിസാൻ' പദ്ധതി പ്രകാരം ടി.വി., ഇന്റർനെറ്റ് മുതലായവയുടെ സഹായത്തോടെ കൃഷിക്കുപയുക്തമായ സാങ്കേതിക പരിജ്ഞാനം കൃഷിക്കാരിലെത്തിക്കാനും കൃഷിയെ സംബന്ധിച്ചുള്ള സംശയനിവാരണം നടത്തുവാനും മറ്റും കൃഷിഭവനുകളെ സജ്ജമാക്കുന്നതാണ്.

അനുബന്ധം V

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *19 (335) കാണുക.]

മണ്ണു സംരക്ഷണ വിഭാഗം സംസ്ഥാന പദ്ധതികൾ മുഖേന 13,730 ഹെക്ടർ പ്രദേശത്ത് 2042 ലക്ഷം രൂപയും കേന്ദ്രവിഷ്ക്കൃത പദ്ധതിയിൻകീഴിൽ 34,636 ഹെക്ടർ പ്രദേശത്ത് 400.15 ലക്ഷം രൂപയും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനതല പദ്ധതികളിൽ നബാർഡ് സഹായത്തോടെയുള്ള നീർമറി പദ്ധതിയിൽ 2000 ലക്ഷം രൂപ ചെലവഴിച്ച് 13,500 ഹെക്ടർ പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആർ.ഐ.ഡി.എഫ്.-ന്റെ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കാനും 2004-ൽ അനുമതി ലഭിച്ച 54 പുതിയ പദ്ധതികൾ തുടങ്ങാനും ഉദ്ദേശിക്കുന്നു. ജലവിതരണ പദ്ധതികളുടെ റിസർവോയറുമായി ബന്ധപ്പെട്ട പദ്ധതിയിൻകീഴിൽ 15 ലക്ഷം രൂപ ചെലവഴിച്ച് 150 ഹെക്ടർ പ്രദേശം സംരക്ഷിക്കാനും മണ്ണിടിച്ചിലുള്ള പ്രദേശങ്ങളെ ബലപ്പെടുത്തൽ പദ്ധതിയിൻകീഴിൽ 10 ലക്ഷം രൂപ ചെലവഴിച്ച് 80 ഹെക്ടർ പ്രദേശം സംരക്ഷിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കബനി നദീതട പദ്ധതിയിൻകീഴിൽ 6000 ഹെക്ടർ പ്രദേശത്ത് 252.15 ലക്ഷം രൂപയ്ക്കുള്ള മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും ദേശീയ നീർമറി വികസന പദ്ധതിയിൻകീഴിൽ 28,636 ഹെക്ടർ പ്രദേശത്ത് 148 ലക്ഷം രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള വിവിധ മണ്ണുജല സംരക്ഷണ പദ്ധതികളും കൃഷി (മണ്ണുസംരക്ഷണ വിഭാഗം) നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly